>> വിശകലനം

എ. ആർ

# ഉന്നം പിഴച്ച ഇൻതിസ്വാബ്

**ലോകത്തും ഇന്ത്യയിലും കേരളത്തിലും നിലവിലെ സാഹചര്യത്തിൽ തീവ്രവാദാരോപണം ഡിമാന്റുള്ള ചരക്കാണ്. വേട്ടയാടപ്പെടുന്ന മുസ്‌ലിം സമുദായത്തിൽ തീവ്രവാദത്തിന് ബീജാവാപം ചെയ്തവരുണ്ടെന്ന് മുസ്‌ലിം സംഘടനകൾ തന്നെ വിളിച്ചു പറഞ്ഞാൽ സാമ്രാജ്യത്വവാദികളും ഫാഷിസ്റ്റുകളും മതേതര നാട്യക്കാരും അതേറ്റെടുത്തുകൊള്ളും. തങ്ങൾക്ക് ക്ലീൻ ചീട്ട് നൽകുന്നതോടൊപ്പം പ്രതിയോഗികളെന്ന് തങ്ങൾ കരുതുന്നവർക്കെതിരെ അവരത് ആയുധമാക്കിക്കൊള്ളും. ഇങ്ങനെയാണ് മതം ഗുണകാംക്ഷയാവുന്നത്, ഇൻതിസ്വാബ് നടക്കുന്നത്!**

---

**'ഇൻതിസ്വാബ്'** കൊണ്ടുദ്ദേശിക്കുന്നതെന്താണ്? 'നിവർന്നു നിൽക്കൽ' എന്ന ഒരർഥം അതിനുണ്ട്. അങ്ങനെയെങ്കിൽ 'മിതത്വം' എന്ന അർഥത്തിലായിരിക്കുമോ സമസ്ത കേരള സുന്നി സ്റ്റുഡന്റ്സ് ഫെഡറേഷൻ (എസ്.കെ.എസ്.എസ്.എഫ്) അത് പ്രയോഗിച്ചിരിക്കുക? മിതത്വത്തിനും മിതവാദത്തിനും അറബിയിൽ 'ഇഅ്തിദാൽ' എന്നാണ് സാധാരണ പ്രയോഗിച്ചു കണ്ടിട്ടുള്ളത്. ഒരുപക്ഷേ മറ്റേ കൂട്ടർ 'എൻകൗമിയം' ഉണ്ടാക്കിയെടുത്ത പോലെ ഇവരുടെ വക ഇൻതിസ്വാബും പുതുമക്ക് വേണ്ടി കണ്ടെത്തിയതാവാം.

ഇൻതിസ്വാബിന്റെ പൊരുൾ എന്തായാലും കോഴിക്കോട് കടപ്പുറത്ത് ചേർന്ന എസ്.കെ.എസ്.എഫ് ദേശീയ സമ്മേളനത്തിന്റെ യഥാർഥ അജണ്ട അത് പിരിഞ്ഞപ്പോഴാണ് മറ നീക്കിയത്. "രാഷ്ട്രീയ മുഖം മൂടിയണിഞ്ഞ് രഹസ്യമായി തീവ്രവാദ പ്രവർത്തനം നടത്തുന്ന ചിലർ മതേതര സമൂഹത്തെ തെറ്റിദ്ധരിപ്പിക്കാൻ ശ്രമിക്കുന്നുണ്ട്. ഇസ്‌ലാമിക പ്രമാണങ്ങൾക്ക് അന്യമായ രാഷ്ട്രീയ വ്യാഖ്യാനം നൽകിയ മൗദൂദിയുടെ ആശയമാണ് കേരളത്തിൽ മുസ്‌ലിംപക്ഷ തീവ്രവാദത്തിന് അടിത്തറയിട്ടത്. ഇതിനെതിരെ സമുദായം ഒറ്റക്കെട്ടായി പ്രതിരോധനിര ഉയർത്തുമ്പോൾ രാഷ്ട്രീയ മുഖംമൂടി അണിഞ്ഞാണ് അവർ നിലനിൽപിന് വഴിതേടുന്നത്. ഇത്തരക്കാരെ ജനാധിപത്യ കക്ഷികൾ തിരിച്ചറിയണം"- സമ്മേളനം പാസ്സാക്കിയ പ്രമേയത്തിൽ പറയുന്നു (*മാതൃഭൂമി*, കോഴിക്കോട് 2010 ഏപ്രിൽ 26).

"ഇസ്‌ലാമിന്റെ മൗലിക പ്രമാണങ്ങളെ ദുർവ്യാഖ്യാനിച്ച് സ്ത്രീത്വത്തെ തെരുവിലെ തർക്കവിഷയമാക്കി മാറ്റുന്നത് മതത്തെക്കുറിച്ച അജ്ഞത മൂലമാണെന്ന് അധ്യക്ഷത വഹിച്ച സമസ്ത ജനറൽ സെക്രട്ടറി ചെറുശ്ശേരി സൈനുദ്ദീൻ മുസ്‌ലിയാർ പറഞ്ഞു. സ്ത്രീത്വം ആദരിക്കപ്പെടേണ്ടത് രാഷ്ട്രീയ അധികാരം നൽകിക്കൊണ്ടല്ല. പ്രകൃതിപരമായിത്തന്നെ സ്ത്രീ പുരുഷ സമത്വത്തിന് പരിമിതികളുണ്ട്. ഇത് അവഗണിച്ച് ഭരണരംഗത്ത് പോലും തുല്യ പ്രാധാന്യമെന്ന വാദം പ്രകൃതിവിരുദ്ധമാണ്" (*മാധ്യമം*, കോഴിക്കോട്, 2010 ഏപ്രിൽ 26).

അപ്പോൾ കാര്യം വ്യക്തമാണ്. ജമാഅത്തെ ഇസ്‌ലാമി ഒരു രാഷ്ട്രീയ പാർട്ടി രൂപവത്കരി

ക്കാൻ തീരുമാനിച്ചതായി അതിന്റെ അമീർ ജലാലുദ്ദീൻ അൻസ്വർ ഉമരി പ്രഖ്യാപിച്ചിരുന്നു. സ്ത്രീ ശാക്തീകരണം പ്രമേയമാക്കി കുറ്റിപ്പുറത്ത് ജമാഅത്തെ ഇസ്‌ലാമി സംസ്ഥാന വനിതാ സമ്മേളനവും നടത്തി. രണ്ടും കൂട്ടി വായിച്ച സാമുദായിക രാഷ്ട്രീയക്കാർ അപകടം മണത്തറിഞ്ഞ് സമുദായത്തെ ബോധവത്കരിക്കാൻ സ്വന്തം കുടക്കീഴിലെ സുന്നി, മുജാഹിദ് സംഘടനകളെ അണിനിരത്തിയതാണ്. രണ്ട് മതസംഘടനകളും എന്ത് പേരിലായാലും നടത്തുന്ന കാമ്പയിൻ ജമാഅത്തെ ഇസ്‌ലാമിയെ ലക്ഷ്യമിട്ടാണ്. 'മതം ഗുണകാംക്ഷയാണ്' എന്ന് പഠിപ്പിക്കാനിറങ്ങിയ യുവ മുജാഹിദുകളാവട്ടെ, ഇൻതിസ്വാബിന്റെ പേരിൽ നാടിളക്കിയ സുന്നി യുവജനമാവട്ടെ ഒരുപോലെ രാഷ്ട്രീയ ദൗത്യമാണ് നിർവഹിച്ചത്. മതത്തെ രാഷ്ട്രീയത്തിലേക്കിറക്കരുതെന്ന് അലറി വിളിച്ചുകൊണ്ടുതന്നെ രണ്ട് കൂട്ടരും പറഞ്ഞത് മുഴുക്കെ രാഷ്ട്രീയമായിരുന്നു. അവർ പണ്ടേ തുടരുന്ന നിഷേധാത്മക രാഷ്ട്രീയം. ജമാഅത്തെ ഇസ്‌ലാമി അതിന്റെ പിറവി തൊട്ട് ഉറക്കെ പറഞ്ഞതാണ് ഇസ്‌ലാമിൽ ആത്മീയ ധാർമിക സാമൂഹിക സാമ്പത്തിക വ്യവസ്ഥയെന്ന പോലെ രാഷ്ട്രീയ വ്യവസ്ഥയും ഉണ്ടെന്ന്. ഈ വാദം പ്രാമാണികമായി തെളിയിക്കുന്ന നിരവധി പുസ്തകങ്ങളും ലേഖനങ്ങളും അത് പ്രസിദ്ധീകരിച്ചിട്ടുമുണ്ട്. ഇന്നുവരെ നമ്മുടെ മത സംഘടനകളോ മതപണ്ഡിതന്മാരോ ഇസ്‌ലാം രാഷ്ട്രീയമുക്തമാണെന്ന് തെളിയിക്കുന്ന ഒന്നും പുറത്തിറക്കിയിട്ടില്ല. മാത്രമല്ല, അവർ പിന്തുടരുന്ന രാഷ്ട്രീയ നിലപാടിനെ ഇസ്‌ലാമിക കാഴ്ചപ്പാടിൽ അവർ ന്യായീകരിക്കുകയും ചെയ്യുന്നു. ആശയസമരത്തിൽ പരാജയപ്പെട്ടപ്പോൾ അഭയം കണ്ടെത്തുന്നത് വ്യാജാരോപണങ്ങളിലാണ്. അതിലേറ്റവും ഗുരുതരവും സത്യത്തിന്റെ അംശലേശമില്ലാത്തതുമാണ് തീവ്രവാദത്തിന്റെ പ്രഭവ കേന്ദ്രവും അതിന് അടിത്തറ പാകിയതും മൗദൂദിയാണെന്ന ആരോപണം.

സയ്യിദ് അബുൽ അഅ്‌ലാ മൗദൂദി ഈ ലോകത്തോട് വിട പറഞ്ഞിട്ട് മുപ്പത് സംവത്സരങ്ങൾ കഴിഞ്ഞു. ജീവിച്ചിരുന്നപ്പോൾ തന്നെ 1937–'47 കാലത്ത് എഴുതിയ ഗ്രന്ഥങ്ങളാണ് ജമാഅത്തെ ഇസ്‌ലാമിയുടെ അടിസ്ഥാന സാഹിത്യങ്ങൾ. അന്നു മുതൽ തന്നെ സമസ്തയുടെ തലപ്പത്തുണ്ടായിരുന്ന മതപണ്ഡിതന്മാർ മൗദൂദിയെയും ജമാഅത്തെ ഇസ്‌ലാമിയെയും നിശിതമായി വിമർശിക്കുകയും നെറികെട്ട രീതിയിൽ ശകാരിക്കുകയും ചെയ്തുവന്നിട്ടുണ്ട്. മൗദൂദിയും ജമാഅത്തും ഈമാനിലും ഇസ്‌ലാമിലും തൗഹീദിലും വഴിതെറ്റി എന്ന് സമുദായത്തെ നിരന്തരം ഉദ്ബോധിപ്പിച്ചുവന്നിട്ടുണ്ട്. പരേതരായ വാണിയമ്പലം അബ്ദുർറഹ്മാൻ മുസ്‌ലിയാർ, ഇ.കെ ഹസൻ മുസ്‌ലിയാർ തുടങ്ങിയവർക്ക് അതായിരുന്നു മുഖ്യ ജോലി. മറ്റു സുന്നി ഉലമകളും ഏറിയോ കുറഞ്ഞോ അതു തന്നെ ചെയ്തു. പക്ഷേ, അവരിൽ ഒരാൾ പോലും മൗദൂദി തീവ്രവാദിയാണെന്നോ തീവ്രവാദത്തിന് അടിത്തറ പാകിയെന്നോ ആരോപിച്ചിട്ടില്ല. മൗദൂദിയോടുള്ള മമത കൊണ്ടല്ല, അത് പച്ചക്കള്ളമാണെന്ന് പ്രഥമ ദൃഷ്ട്യാ വ്യക്തമായതുകൊണ്ടാണ്. സമസ്തയുടെ ഇപ്പോഴത്തെ സാരഥികളും മൗദൂദി ആറ് പതിറ്റാണ്ട് മുമ്പെഴുതിയ പുസ്തകങ്ങൾ ഇപ്പോഴേ പരിശോധിച്ചുള്ളൂ എന്നത് കൊണ്ടല്ല അദ്ദേഹത്തെ തീവ്രവാദത്തിന്റെ തലതൊട്ടപ്പനാണെന്ന് പ്രഖ്യാപിക്കുന്നത്. കാരണം, പുതിയ കണ്ടെത്തലിന് തെളിവുകളൊന്നും അവർ ഹാജരാക്കുന്നില്ല. പിന്നെയോ? ലോകത്തും ഇന്ത്യയിലും കേരളത്തിലും നിലവിലെ സാഹചര്യത്തിൽ തീവ്രവാദാരോപണം ഡിമാന്റുള്ള ചരക്കാണ്. വേട്ടയാടപ്പെടുന്ന മുസ്‌ലിം സമുദായത്തിൽ തീവ്രവാദത്തിന് ബീജാവാപം ചെയ്തവരുണ്ടെന്ന് മുസ്‌ലിം സംഘടനകൾ തന്നെ വിളിച്ചു പറഞ്ഞാൽ സാമ്രാജ്യത്വവാദികളും ഫാഷിസ്റ്റുകളും മതേതര നാട്യക്കാരും അതേറ്റെടുത്തുകൊള്ളും. തങ്ങൾക്ക് ക്ലീൻ ചീട്ട് നൽകുന്നതോടൊപ്പം പ്രതിയോഗികളെന്ന് തങ്ങൾ കരുതുന്നവർക്കെതിരെ അവരത് ആയുധമാക്കിക്കൊള്ളും. ഇങ്ങനെയാണ് മതം ഗുണകാംക്ഷയാവുന്നത്, ഇൻതിസ്വാബ് നടക്കുന്നത്!

സ്ത്രീശാക്തീകരണത്തിന് അവരെ രാഷ്ട്രീയത്തിലിറക്കരുതെന്നാണ് സമസ്ത മുസ്‌ലിയാക്കന്മാരുടെ തിട്ടൂരമെങ്കിൽ ഒന്നാമതായി അത് പറയേണ്ടത് തങ്ങളോടൊപ്പം വേദി പങ്കിട്ട സാമുദായിക രാഷ്ട്രീയ പാർട്ടിയുടെ നേതാക്കളോടാണ്. പാർലമെന്റിലും നിയമസഭകളിലും 33 ശതമാനം സ്ത്രീ സംവരണത്തെ മുസ്‌ലിം ലീഗ് എതിർത്തിട്ടില്ല, പഞ്ചായത്തുകളിലെ 50 ശതമാനത്തെയും എതിർത്തിട്ടില്ല. മാത്രമല്ല മുസ്‌ലിം സ്ത്രീകളെ തെരുവിലിറക്കിയതും പുരുഷന്മാരോടൊപ്പം അധികാരം പങ്കിടുന്നവരാക്കിയതും മുസ്‌ലിം ലീഗാണ്. താത്ത്വികമായ എതിർപ്പാണെങ്കിൽ, തെറ്റ് ചെയ്തുകൊണ്ടിരിക്കുന്നവരോട് തുറന്നു പറയാൻ ആർജവം കാണിക്കാതെ ഭാവിയിൽ ചെയ്യാനിരിക്കുന്നവരോട് താക്കീതും മുന്നറിയിപ്പുമായി വരുന്നതിലെ ഗുണകാംക്ഷ ജനങ്ങൾ തിരിച്ചറിയും. സ്ത്രീകളെ വിദ്യാഭ്യാസം പോലും നിഷേധിച്ച് അടുക്കളയിൽ തളച്ചിട്ട് നേർച്ചക്കും പൂരത്തിനും മാത്രം പുറത്തി

റക്കി, പള്ളിപ്രവേശം വിലക്കുകയും സ്ത്രീധനം എന്ന മഹാ പീഡനത്തിന്നവരെ ഇരയാക്കുകയും അബദ്ധജടിലമായ മുത്വലാഖിന് കൂട്ടുനിൽക്കുകയും ചെയ്തവർ സ്ത്രീശാക്തീകരണത്തെ പല്ലും നഖവും ഉപയോഗിച്ച് എതിർക്കുമെന്ന് മനസ്സിലാക്കിത്തന്നെയാണ് ജമാഅത്തെ ഇസ്‌ലാമി വനിതാ മഹാ സമ്മേളനം സംഘടിപ്പിച്ച് അറുപിന്തിരിപ്പൻ യാഥാസ്ഥിതികത്വത്തെ വെല്ലുവിളിച്ചത്. അതിന്റെ ഹാലിളക്കമാണ് സാമുദായിക രാഷ്ട്രീയക്കാരോടൊപ്പം അവരുടെ മത സംഘടനകളെയും ഇൻതിസ്വാബിന്റെ കടപ്പുറത്തെത്തിച്ചത്. പക്ഷേ, ചെറുശ്ശേരിയുടെ ഫത്‌വാ ഗാഥയിലെന്ത് പറഞ്ഞാലും നേരം പുലർന്നിരിക്കുന്നു, ഉയിർത്തെഴുന്നേൽക്കുന്ന മുസ്‌ലിം സ്ത്രീശക്തിയെ തളക്കാൻ പൗരോഹിത്യത്തിന്റെ ചങ്ങലകൾക്കാവില്ല. കാരണം, മഹാനായ പ്രവാചകൻ പൊട്ടിച്ചെറിഞ്ഞ ചങ്ങലകളാണത്. വീണ്ടും പുറംവാതിലിലൂടെ പൗരോഹിത്യം ആ ചങ്ങലകളെ സമുദായത്തിലേക്ക് കടത്തിക്കൊണ്ടുവരികയാണ്. പക്ഷേ, സ്ത്രീകൾ അവരുടെ വിമോചനപാത തിരിച്ചറിഞ്ഞു കഴിഞ്ഞു. വടപുറം മുസ്ത്വഫയുടെ മുത്വലാഖിൽ 'കർത്താവി'നെ തെരയാൻ പോയവർ അവരുടെ ജോലി അനന്തമായി തുടരട്ടെ.

സാംസ്കാരിക സാമ്രാജ്യത്വത്തിന്റെ ഉൽപന്നങ്ങളായി ജീർണതകൾ വർധിക്കുമ്പോൾ സമൂഹത്തിന്റെ ധാർമികത കാക്കേണ്ട ഉത്തരവാദിത്വം യുവസമൂഹത്തിനാണെന്ന് എസ്.വൈ.എസ് സംസ്ഥാന പ്രസിഡന്റ് കൂടിയായ പാണക്കാട് ഹൈദരലി ശിഹാബ് തങ്ങൾ കടപ്പുറത്തെ ഇൻതിസ്വാബിൽ ഓർമിപ്പിച്ചിട്ടുണ്ട്. ധർമബോധം നിലനിർത്തി രാഷ്ട്ര നിർമാണ പ്രക്രിയയുടെ ഭാഗമാവാൻ കഴിയണമെന്നും അദ്ദേഹം പറയുകയുണ്ടായി. മതത്തിന്റെ പിൻബലമില്ലാതെ ധാർമികത കാക്കാൻ സാധ്യമാണോ? രാഷ്ട്രീയത്തെ ധാർമികതയിൽ ഉടച്ചുവാർക്കണമെന്ന് ജമാഅത്തെ ഇസ്‌ലാമി പറയുമ്പോൾ അത് തീവ്രവാദവും മഹാ പാതകവുമാവുന്നതെങ്ങനെയാണ്? രാഷ്ട്രീയമാകെ അഴിമതിയിൽ കുളിച്ചു നിൽക്കെ അതിന്റെ ഭാഗമായി വിഹിതം പറ്റാനല്ലാതെ രാഷ്ട്രീയത്തെ അഴിമതിമുക്തമാക്കുന്നതിൽ നിസ്സാര പങ്കെങ്കിലും വഹിക്കാൻ ഹൈദരലി ശിഹാബ് തങ്ങളുടെ പാർട്ടിക്ക് കഴിയാതെ പോയത് അദ്ദേഹം പറഞ്ഞ സാംസ്കാരിക ജീർണതയുടെയും ധർമബോധമില്ലായ്മയുടെയും ഫലമാണ്. സമസ്തക്കോ അതിന്റെ യുവജന സംഘടനക്കോ വിദ്യാർഥി വിഭാഗത്തിനോ രാഷ്ട്രീയത്തെയും അധികാര പീഠങ്ങളെയും അധാർമികതയിൽനിന്ന് മോചിപ്പിക്കണമെന്ന് നേരിയ ആഗ്രഹമുണ്ടായിരുന്നെങ്കിൽ ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ രാഷ്ട്രീയ അജണ്ടയെ തള്ളിപ്പറയാൻ അവർക്ക് കഴിയുമായിരുന്നില്ല. നിലവിൽ എല്ലാവിധ സാംസ്കാരിക ജീർണതകളുടെയും ഗുണഭോക്താക്കളായ രാഷ്ട്രീയക്കാർക്ക് പച്ചക്കൊടി കാട്ടുകയാണ് നമ്മുടെ മത സംഘടനകൾ അറിഞ്ഞോ അറിയാതെയോ ചെയ്തുവരുന്നത്. ജീർണത സാമ്രാജ്യത്വത്തിന്റെ ഉൽപന്നമാണെന്ന് തിരിച്ചറിഞ്ഞ എസ്.വൈ.എസ് പ്രസിഡന്റ്, അനുദിനം പിടിമുറുക്കുന്ന സാമ്രാജ്യത്വാധിനിവേശത്തിനെതിരായ ധാർമിക ചെറുത്തുനിൽപിനെ തകർക്കുകയോ ദുർബലമാക്കുകയോ ആണ് ജമാഅത്തെ ഇസ്‌ലാമിയുടെ രാഷ്ട്രീയത്തെ പ്രതിരോധിക്കാൻ സമുദായത്തെ ആഹ്വാനം ചെയ്യുന്നതുവഴി സംഭവിക്കുന്നത്. ലോകത്തെങ്ങുമുള്ള ഇസ്‌ലാമിക പ്രസ്ഥാനങ്ങളോട് യുദ്ധം പ്രഖ്യാപിച്ച സാമ്രാജ്യത്വശക്തികളെ മതേതര നാട്യത്തിലൂടെയും ധർമമുക്ത രാഷ്ട്രീയത്തിലൂടെയും സഹായിക്കുന്ന നിലപാട് സമസ്ത കേരള ജംഇയ്യത്തുൽ ഉലമ പോലുള്ള സമാദരണീയ പണ്ഡിതസഭയും അതിന്റെ പോഷക സംഘടനകളും എത്ര വേഗം പുനഃപരിശോധിക്കുന്നുവോ അത്രയും അവർക്കും സമുദായത്തിനും നല്ലത്. ■